# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3556 14.03.2017 ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ

**ചോദ്യം**

ശ്രീ.കെ. ബാബു

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ നടത്തുന്ന അക്രമങ്ങളും ചൂഷണങ്ങൾക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എ) സ്ത്രീകൾക്കും, കുട്ടികൾക്കും എതിരായ അക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിലേക്കായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാഹെൽപ്പ് ലൈനും, വനിതകളുടെ പരാതികൾക്ക് പ്രത്യേകം പ്രാധാന്യം നൽകി അന്വേഷണം നടത്തി പരിഹാരം കാണുന്നതിനായി വനിതാസെല്ലും പ്രവർത്തിച്ചു വരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും സ്വയരക്ഷക്കും, ആത്മധൈര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹായത്തോടുകൂടി വനിതകൾക്കും പെൺകുട്ടികൾക്കും സെൽഫ് ഡിഫൻസ് പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. കൗമാര പ്രായക്കാരുടേയും, കുട്ടികളുടേയും മറ്റും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി വനിതാസെല്ലിൽ എല്ലാ ദിവസവും കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. സ്ത്രീകളേയും, പെൺകുട്ടികളേയും യാത്രാവേളയിലും, പൊതുസ്ഥലത്തും മറ്റും ശല്യം ചെയ്യുന്നവരെ പിടികൂടുന്നതിനായി പിങ്ക് ബീറ്റ് പദ്ധതി നടത്തിവരുന്നു. സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, സ്ത്രീതൊഴിലാളികൾ കൂടുതലുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിയമബോധന ക്ലാസുകൾ നടത്തി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങൾ, റെയിൽവെ

സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, തിരക്കേറിയ നിരത്തുകൾ എന്നിവിടങ്ങളിൽ വനിത പോലീസ് ഉദ്യോഗസ്ഥരെ പട്രോളിംഗിന് നിയോഗിച്ചുവരുന്നുണ്ട്. സ്ത്രീ സുരക്ഷാപദ്ധതിയുടെ ഭാഗമായി കുടുംബപ്രശ്നങ്ങളിൽ തീർപ്പുകൽപിക്കുകയും കൗൺസലിംഗ് ആവശ്യമായ പരാതികളിൽ കൗൺസലിംഗ് നൽകുകയും കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ എന്നീ തലങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നു. "നിർഭയ" പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ പ്രതിരോധ പരിപാടി, പോലീസ് ഷാഡോ പട്രോളിംഗ്, പിങ്ക് പട്രോൾ, 24 മണിക്കൂറും പ്രവർത്തന സജ്ജമായ വനിതാ ഹെൽപ് ലൈൻ എന്നീ പദ്ധതികളും നിലവിലുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള അതിക്രമങ്ങൾ കാണിച്ച എത്ര പേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള അതിക്രമങ്ങൾ കാണിച്ച 14619 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

നിയമസഭ.

Y1/ 35623/17

| District | No. of Accused |
|---|---|
| TVM C | 529 |
| TVM R | 1148 |
| KLM C | 390 |
| KLM R | 591 |
| PTA | 1376 |
| ALP | 927 |
| KTM | 345 |
| IDK | 424 |
| EKM C | 540 |
| EKM R | 874 |
| TSR C | 455 |
| TSR R | 1158 |
| PKD | 904 |
| MPM | 1467 |
| KKD C | 443 |
| KKD R | 823 |
| WYD | 465 |
| KNR | 915 |
| KSD | 747 |
| RLYS | 98 |
| **Total** | **14619** |

സെക്ഷൻ ഓഫീസർ